# Deepika
# 31 July 2018
# Landslide

യുവാവ് കുടുങ്ങിയെന്ന് കരുതി വീട് പൊളിച്ചപ്പോൾ

## ബന്ധുവീട്ടിൽനിന്ന് യുവാവിന്റെ മടങ്ങിവരവ്

**നെടുമ്പാശേരി:** തകർന്നു വീണ വീടിനുള്ളിൽ യുവാവുണ്ടെന്ന് കരുതി കെട്ടിടം പൊളിച്ചു. രക്ഷാപ്രവർത്തകർ നിരാശപൂണ്ടിരിക്കെ ബന്ധുവിന്റെ വീട്ടിലായിരുന്ന യുവാവ് മടങ്ങിയെത്തിയത് നാട്ടുകാരിൽ ആശ്ചര്യമുളവാക്കി. വട്ടപ്പറമ്പ് ചെട്ടിക്കുളം കോളനിക്കു സമീപം ഇന്നലെ പുലർച്ചെയായിരുന്നു സംഭവം. ചെട്ടിക്കുളം ചൂരക്കാട്ടിൽ ശ്രീനിവാസൻ(31) താമസിക്കുന്ന കാലപ്പഴക്കം ചെന്ന വീടാണ് കനത്തമഴയത്തെുടർന്ന് ഭാഗികമായി നിലം പൊത്തിയത്.



**തകർന്ന വീടിനു മുന്നിൽ ശ്രീനിവാസൻ.**

കഴിഞ്ഞ ദിവസങ്ങളിലും വീടിന്റെ ചില ഭാഗങ്ങൾ അടർന്ന് വീണിരുന്നു. ഇന്നലെ പുലർച്ചെയും കിടപ്പുമുറിയുടെ ഒരു ഭാഗവും വീണു. അതോടെ വീടിനുള്ളിൽ താമസിക്കുന്നതിൽ പന്തികേട് തോന്നിയ ശ്രീനിവാസൻ കറുകുറ്റിയിലെ ബന്ധുക്കളുടെ വീട്ടിലേക്ക് പോവുകയായിരുന്നു. ശ്രീനിവാസൻ പോയി അൽപം കഴിഞ്ഞതോടെയാണ് കിടപ്പുമുറി വീണത്. ഉഗ്രശബ്ദം കേട്ട് ഓടിക്കൂടിയ നാട്ടുകാർ ഒച്ചവെച്ച് വിളിച്ചിട്ട് ഇയാൾ വിളികേൾക്കാതെ വന്നതോടെ ആശങ്കയിലായി. ധരിച്ചിരുന്ന മുണ്ട് കട്ടിലിൽ കണ്ടെത്തിയതോടെ ഇയാൾ അപകടത്തിൽപ്പെട്ടുവെന്ന് നാട്ടുകാർ ഉറപ്പിച്ചു.

ഇടിഞ്ഞുവീണ കിടപ്പുമുറിയിൽ നാട്ടുകാരുടെ പ്രാഥമിക രക്ഷാപ്രവർത്തനം ഫലം കണ്ടില്ല. സംഭവമറിഞ്ഞ് അങ്കമാലി അഗ്നിരക്ഷാ സേനയും, ചെങ്ങമനാട് പോലീസും സ്ഥലത്തെത്തി. എന്നാൽ കിടപ്പ് മുറിയിലേക്ക് കടക്കാനാകാതെ ഉദ്യോഗസ്ഥരും ക്ലേശിച്ചു. അതോടെയാണ് മുൻഭാഗം പൊളിച്ച് മാറ്റാൻ എക്സ്കവേറ്റർ എത്തിച്ചത്. ഓരോ ഭാഗവും പൊളിക്കുമ്പോഴും ശ്രീനിവാസന്റെ അവസ്ഥ അറിയാനുള്ള ഉത്കണ്ഠയിലായിരുന്നു നാട്ടുകാർ.

എന്നാൽ മൂന്ന് മണിക്കൂറോളം സമയമെടുത്ത് കെട്ടിടം പൂർണമായി പൊളിച്ച് നീക്കിയിട്ടും ശ്രീനിവാസനെ കണ്ടത്തൊനായില്ല. ഈ സമയമെല്ലാം ഇയാളുടെ ഫോൺ സ്വിച്ച് ഓഫായിരുന്നു. അതോടെ മൊബൈൽ സൈബർസെൽ വഴി ലോക്കേറ്റ് ചെയ്തു. അപ്പോഴാണ് കറുകുറ്റിയിലുള്ളതായി അറിയാനായതും, സംഭവ സ്ഥലത്തേക്ക് വിളിച്ച് വരുത്തിയതും. തികഞ്ഞ ആകാംക്ഷയോടെയും, ആശ്ചര്യത്തോടെയായിരുന്നു ശ്രീനിവാസനെ നാട്ടുകാർ വരവേറ്റത്. എന്നാൽ നാട്ടുകാർക്കുണ്ടായ ബുദ്ധിമുട്ടിലും കിടപ്പാടം ഇല്ലാതായതിന്റെയും നിരാശയും, നൊമ്പരവുമായിരുന്നു ശ്രീനിയുടെ മുഖത്ത്.




**ശ്രീനിവാസനെ കണ്ടെത്താനായി ഇന്നലെ പുലർച്ചയോടെ എക്സ്കവേറ്റർ ഉപയോഗിച്ച് വീടു പൊളിച്ചുനീക്കുന്നു.**